ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 21-06-2025**

## പ്രധാനവാർത്തകൾ

1. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അസ്വസ്ഥതകൾ പെരുകുമ്പോൾ, യോഗ സമാധാനത്തിലേക്കുള്ള പാത വാഗ്ദാനം ചെയ്യുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. വിശാഖപട്ടണത്ത് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗാ സംഗമത്തിൽ പങ്കെടുത്തത് മൂന്ന് ലക്ഷത്തോളം പേർ; രാജ്യമെമ്പാടും 10 ലക്ഷത്തിലധികം കേന്ദ്രങ്ങളിൽ യോഗാദിന പരിപാടികൾ.
3. വിശ്വത്തിനാകെ സമാധാനം പകരുന്ന യോഗ, ഭാരതമാണ് ലോകത്തിന് സംഭാവന ചെയ്തതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
4. കേന്ദ്രസഹമന്ത്രിമാരായ ജോർജ്ജ് കുര്യൻ തിരുവനന്തപുരത്തും സുരേഷ് ഗോപി കൊച്ചിയിലും രാംദാസ് അഠാവലെ മലപ്പുറത്തും യോഗാദിന പരിപാടികളിൽ പങ്കെടുത്തു.
5. സംസ്ഥാനത്ത് റേഷൻ മണ്ണെണ്ണ വിതരണം ഇന്നുമുതൽ.
6. ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് ക്രിക്കറ്റിൽ രണ്ടാം ദിനത്തിൽ ഇന്ത്യ ശക്തമായ നിലയിൽ.

RNU TVPM

************************************

## പി എം യോഗ (ഇൻട്രോ)

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അസ്വസ്ഥതകൾ പെരുകുമ്പോൾ യോഗ സമാധാനത്തിലേക്കുള്ള പാത വാഗ്ദാനം ചെയ്യുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് 11-ാമത് അന്താരാഷ്ട്ര യോഗദിന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. ലോകമെമ്പാടും കോടിക്കണക്കിന് ആളുകളുടെ ജീതവത്തിന്റെ ഭാഗമായി യോഗ മാറി. ആന്തരിക സമാധാനം ആഗോള നയമായി മാറുന്ന ഈ ഘട്ടത്തിൽ ലോകമാനവികതയ്ക്കുള്ള യോഗ 2.0 യുടെ തുടക്കം ഈ യോഗ ദിനം അടയാളപ്പെടുത്തട്ടെയെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

വിശാഖപട്ടണത്തെ ആർ.കെ ബീച്ചിൽ മൂന്ന് ലക്ഷത്തിലേറെ പേർ പ്രധാനമന്ത്രിയ്ക്കൊപ്പം യോഗാഭ്യാസ പരിപാടികളിൽ പങ്കുചേർന്നു. ഭൂമിക്കും ഏകാരോഗ്യത്തിനുമായി യോഗ എന്ന പ്രമേയത്തിലൂന്നിയാണ് ഈ വർഷത്തെ യോഗാദിനം ആചരിക്കുന്നത്. ഡൽഹിയിലെ ചുവപ്പ്കോട്ട, കർത്തവ്യ പഥ് തുടങ്ങിയ സുപ്രധാന കേന്ദ്രങ്ങളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു.

*******************************

## ഗിന്നസ് വേൾഡ് റെക്കോർഡ്

വിശാഖപട്ടണത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗ സംഗമത്തിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള 10 ലക്ഷത്തിലധികം സ്ഥലങ്ങളിൽ യോഗാദിന പരിപാടികൾ അരങ്ങേറി. പുതിയ ഗിന്നസ് വേൾഡ് റെക്കോർഡ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ

RNU TVPM

വിശാഖപട്ടണത്തെ ആർകെ ബീച്ച് മുതൽ ഭോഗാപുരം വരെയുള്ള 26 കിലോമീറ്ററിലാണ് പരിപാടി സംഘടിപ്പിച്ചത്. രാജ്യത്തുടനീളം യോഗ ആഘോഷങ്ങൾ നടന്ന സ്ഥലങ്ങളിൽ പ്രധാനമന്ത്രിയുടെ അഭിസംബോധന തത്സമയം സംപ്രക്ഷണം ചെയ്തു.

******************************

## കേരള-യോഗ (ഇൻട്രോ)

കേരളത്തിലും യോഗദിന പരിപാടികൾ വിപുലമായി ആചരിച്ചു. രാജ് ഭവനിൽ മേരായുവ ഭാരതിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. മേരായുവ ഭാരത് പ്രവർത്തകർക്ക് ഒപ്പം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ യോഗ ദിനാചരണത്തിൽ പങ്കെടുത്തു. വിശ്വത്തിനാകെ സമാധാനം പകരുന്ന യോഗ, ഭാരതമാണ് ലോകത്തിന് സംഭാവന ചെയ്തതെന്ന് ഗവർണർ പറഞ്ഞു

(വോയസ്)

RNU TVPM

******************************

## ജോർജ്ജ് കുര്യൻ-യോഗ (ഇൻട്രോ)

ലോകത്തിലെ സർവ്വ ചരാചരങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന സന്ദേശമാണ് യോഗ ദിനാചരണത്തിലൂടെ ഭാരതം ലോകത്തിന് നൽകുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. തിരുവനന്തപുരത്ത് യോഗാദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

******************************

## അഠാവ്‌ലെ - സുരേഷ്ഗോപി

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് കേരളത്തിലുടനീളം വിപുലമായ യോഗ പരിപാടികൾ സംഘടിപ്പിച്ചു. മലപ്പുറം ജില്ലാതല പരിപാടിയിൽ കേന്ദ്ര സാമൂഹിക നീതി, ശാക്തീകരണ സഹമന്ത്രി രാംദാസ് അഠാവ്‌ലെ പങ്കെടുത്തു. യോഗ ജീവിതം സുഗമമാക്കുമെന്നും യോഗ ചെയ്യാനായി എല്ലാവരും അല്പസമയം കണ്ടെത്തണമെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു. കൊച്ചി ബോൾഗാട്ടി പാലസിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര യോഗ ദിന പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. യോഗാഭ്യാസങ്ങളിലൂടെ ക്ഷമയും അനുകമ്പയും നിയന്ത്രണവും നേടാനാകുമെന്ന് അദ്ദേഹം പറഞ്ഞു. പരിപാടിയിൽ പങ്കെടുത്തവർക്ക് കേന്ദ്രമന്ത്രി വൃക്ഷതൈകൾ വിതരണം ചെയ്തു.

******************************

## യോഗ-ബാലഗോപാൽ

കണ്ണൂർ പോലീസ് മൈതാനം ടർഫിൽ ഇന്ന് വൈകിട്ട് മെഗായോഗാ പ്രദർശനവും യോഗ ഫ്യൂഷൻ ഡാൻസും സംഘടിപ്പിക്കും. മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. കേരള സർവകലാശാലയുടെ യോഗദിന പരിപാടി മന്ത്രി ജി ആർ അനിൽ തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ബേക്കൽ കോട്ടയിൽ യോഗ ദിനം ആചരിച്ചു. കോഴിക്കോട് സായി സെൻററും കാലിക്കറ്റ് പ്രസ് ക്ലബ്ബും സംയുക്തമായി ചേർന്ന് യോഗദിന പരിപാടികൾ സംഘടിപ്പിച്ചു. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ വയനാട് ഫീൽഡ് ഓഫീസ് സംഘടിപ്പിച്ച യോഗാദിനചരണം മാനന്തവാടിയിൽ നടന്നു.

RNU TVPM

******************************

## മോഹൻലാൽ - യോഗ (ഇൻട്രോ)

യോഗയിലൂടെ ആരോഗ്യമുള്ള മനസ്സും ശരീരവും പാകപ്പെടുത്താൻ സാധിക്കുമെന്ന് ചലച്ചിത്ര താരം മോഹൻ ലാൽ. കൊച്ചിയിൽ വിശ്വശാന്തി ഫൗണ്ടേഷൻറെ യോഗാ ദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

******************************

## ആകാശവാണി-യോഗ

തിരുവനന്തപുരം സിസിആർഎസ് സിദ്ധ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പള്ളിപ്പുറം സി ആർ പി എഫ് കേന്ദ്രിയ വിദ്യാലയവും ആകാശവാണി തിരുവനന്തപുരം നിലയവും സംയുക്തമായി പള്ളിപ്പുറം സി ആർ പി എഫ് കേന്ദ്രിയ വിദ്യാലയം മൈതാനത്ത് അന്തർദേശീയ യോഗ ദിനം ആചാരിച്ചു. മുന്നൂറോളം കുട്ടികൾ പങ്കെടുത്തു. ചടങ്ങിൽ സിദ്ധ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫിസർ ഡോ. എസ്. നടരാജൻ, സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി സി രാജി, ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് ശ്രീ മനേഷ് എം പി തുടങ്ങിയവർ പങ്കെടുത്തു.

PNU TVPM

******************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്

പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*******************************

## ജി ആർ അനിൽ - മണ്ണെണ്ണ വിതരണം

സംസ്ഥാനത്ത് റേഷൻ മണ്ണെണ്ണ വിതരണം ഇന്ന് ആരംഭിക്കും. AAY റേഷൻ കാർഡ് ഉടമകൾക്ക് ഒരു ലിറ്റർ മണ്ണെണ്ണ വീതം ലഭിക്കും. വൈദ്യുതിയില്ലാത്ത കുടുംബങ്ങൾക്ക് ആറ് ലിറ്റർ മണ്ണെണ്ണ ലഭിക്കും.

*******************************

## ഭാരതാംബ-ജോർജ്ജ് കുര്യൻ

രാജ്ഭവനിൽ എന്ത് വേണമെന്ന് ഗവർണർ തീരുമാനിക്കുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. തിരുവനന്തപുരത്ത് മാധ്യമപ്രവർത്തരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗവർണറുടെ അധികാരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സ്വാഗതം ചെയ്യുന്നുവെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു.

RNU TVPM

*******************************

## ഭാരതാംബ ശിവൻകുട്ടി

മിഥ്യാത്മക പ്രതീകങ്ങൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ ഉപയോഗിക്കുന്നത് മതേതരത്വത്തെയും ആധുനിക വിദ്യാഭ്യാസ മൂല്യങ്ങളെയും ചോദ്യം ചെയ്യുന്ന നടപടിയാണെന്ന് മന്ത്രി വി.ശിവൻകുട്ടി. ഭരണഘടനാ മൂല്യങ്ങളോട് ആദരവ് പുലർത്തുന്നതിനാലാണ് രാജ്ഭവനിലെ

ചടങ്ങിൽ നിന്ന് ഇറങ്ങിപ്പോയതെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

*******************************

## വി ശിവൻകുട്ടി

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക മോണിറ്ററിംഗ് ശക്തമാക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉന്നത തല യോഗത്തിലാണ് തീരുമാനം.

*******************************

## ജില്ല ലീഗൽ അതോറിറ്റി സമ്മിറ്റ്

തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലീഗൽ സർവ്വീസ് സമ്മിറ്റ് 2025 ഹൈകോടതി ചീഫ് ജസ്റ്റിസ് നിധിൻ ജംധാർ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യു. ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ വിവിധ പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള ബോധവത്കരണ സെഷനുകൾ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്.

RNU TVPM

*******************************

## നിലമ്പൂർ-വോട്ടെണ്ണൽ

നിലമ്പൂർ നിയമസഭാ മണ്ഡലത്തിലെ വോട്ടെണ്ണൽ മറ്റന്നാൾ രാവലെ എട്ടിന് ആരംഭിക്കും. രാവിലെ 7.30 ന് സ്ഥാനാർഥികളുടെ ഏജന്റുമാരുടെ സാന്നിധ്യത്തിൽ സ്ട്രോങ് റൂം തുറക്കും. 14 ടേബിളിലായി 19 റൗണ്ട് വോട്ടെണ്ണും. ആദ്യം പോസ്റ്റൽ വോട്ടും തുടർന്ന് ഇലക്ട്രോണിക് വോട്ടിങ്

മെഷീനുകളിലെ വോട്ടും എണ്ണും. ചുങ്കത്തറ മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ സജ്ജീകരിച്ച സ്ട്രോങ് റൂമിൽ സായുധപൊലീസിന്റെ സുരക്ഷയിലാണ് ഇവിഎമ്മുകൾ സൂക്ഷിച്ചിരിക്കുന്നത്.

******************************

## ഒ ആർ കേളു

പട്ടിക ജാതി പട്ടിക വർഗ ഫണ്ട് ഉപയോഗിച്ച് കാസർകോട് പനത്തടി കല്ലപ്പള്ളിയിൽ നിർമ്മിച്ച വീടുകളുടെ താക്കോൽ മന്ത്രി O.R കേളു ഇന്ന് കൈമാറും.

******************************

## പാരീസ് ഡയമണ്ട് ലീഗ്-നീരജ് ചോപ്ര

പാരീസ് ഡയമണ്ട് ലീഗ് 2025 ലെ പുരുഷ ജാവലിൻ ത്രോ മത്സരത്തിൽ ഇന്ത്യയുടെ നീരജ് ചോപ്രയ്ക്ക് സ്വർണ്ണം. രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവായ ചോപ്ര ആദ്യ ശ്രമത്തിൽ തന്നെ 88.16 മീറ്റർ ദൂരം എറിഞ്ഞാണ് കിരീടം സ്വന്തമാക്കിയത്. ജർമ്മനിയുടെ ജൂലിയൻ വെബർ 87.88 മീറ്റർ എറിഞ്ഞ് രണ്ടാം സ്ഥാനത്തെത്തി.

RNUTVPM

******************************

## ഇന്ത്യ-ഇംഗ്ലണ്ട് ക്രിക്കറ്റ്

ഇംഗ്ലണ്ടിലെ ലീഡ്സിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ ആദ്യ മത്സരത്തിന്റെ ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ ഇന്ത്യ മൂന്ന് വിക്കറ്റിന് 359 റൺസ് എന്ന ശക്തമായ നിലയിൽ. യശസ്വി ജയ്സ്വാൾ ടെസ്റ്റ്

ക്രിക്കറ്റിലെ അഞ്ചാമത്തെ സെഞ്ച്വറി നേടി. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും സെഞ്ച്വറി സ്വന്തമാക്കി.

*

***********

***************************************************

RNU TVPM